പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 506 11.12.2012 ൽ മറുപടിയ്ക്ക്

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ: | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്:<br>വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു, എല്ലാ സർവ്വീസും എല്ലാ കൗണ്ടറുകളിലും ലഭ്യമാക്കി, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ് പരിപാടി, ഓൺ ലൈൻ ആപ്ലിക്കേഷൻ ഫയലിംഗ്, ഇ-പേയ്മെന്റ് സംവിധാനം, റഡാർ സർവൈലൻസ് സംവിധാനം എന്നിവ ഏർപ്പെടുത്തി. വാഹന പരിശോധന കേന്ദ്രവും, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിച്ചു. മോട്ടോർ വാഹന വകുപ്പിന്റെ ചില സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. മലപ്പുറം ജില്ലയിലെ എടപ്പാളിൽ കേന്ദ്ര സഹായത്തോടെ |

<table>
<tr><td></td><td></td><td></td><td>ഒരു ഡ്രൈവർ പരിശീലന കേന്ദ്രം സ്ഥാപിക്കുവാനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പ് തലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അടിക്കടി പരിശോധന നടത്തുകയും ചട്ടങ്ങളും നിർദ്ദേശങ്ങളും ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.</td></tr>
<tr><td>(സി)</td><td>മോട്ടോർ വാഹന വകുപ്പ് വഴി സർക്കാരിന് ലഭ്യമാവുന്ന വരുമാനത്തിൽ ഗണ്യമായ കുറവ് വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2006 മുതൽ വാർഷികാടിസ്ഥാനത്തിലുള്ള വരുമാനകണക്ക് വെളിപ്പെടുത്തുമോ?</td><td>(സി</td><td>ഇല്ല. 2006 മുതൽ വാർഷികാടിസ്ഥാനത്തിലുള്ള വരുമാനം ചുവടെ ചേർക്കുന്നു.
<table>
<tr><td>വർഷം</td><td>വാർഷിക വരുമാനം (കോടി രൂപ)</td></tr>
<tr><td>2006-2007</td><td>700.3</td></tr>
<tr><td>2007-2008</td><td>851.62</td></tr>
<tr><td>2008-2009</td><td>916.67</td></tr>
<tr><td>2009-2010</td><td>1094.49</td></tr>
<tr><td>2010-2011</td><td>1265.4</td></tr>
<tr><td>2011-2012</td><td>1500.91</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ